(ബി) ഇല്ല.

(സി) ഇതു് എല്ലാകൊല്ലവും കൊടുക്കാവുള്ള തുകയല്ല. ഫ്ലഡ്-ലെ പ്രത്യേക പരിതഃസ്ഥിതികളെക്കൊണ്ടാണു് ഒരു സഹായധനം കൊടുക്കുവാൻ തീരുമാനിച്ചിട്ടുള്ളതു്.

REMOVAL OF TRICOLOUR FLAG—INSTRUCTION REGARDING

174. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ മുനിസിപ്പൽ ആപ്പീസ്സു് ടവറിന്റെ മുകളിൽനിന്നു ത്രിവർണ്ണ പതാക മാറ്റണമെന്നു ഗവൺമെണ്ടു് വല്ല നിർദ്ദേശവും ടി മുനിസിപ്പാലിറ്റിക്കു് നൽകിയിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ അതിനു മുനിസിപ്പാലിറ്റി നൽകിയ മറുപടി എന്തു്?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) ത്രിവർണ്ണ പതാക മാറ്റണമെന്നു ഗവൺമെണ്ടു് നിർദ്ദേശിച്ചിട്ടില്ല. ത്രിവർണ്ണ പതാക സ്ഥാപിക്കണമെന്നുള്ള പ്രമേയത്തെപ്പറ്റി പുനരാലോചിക്കണമെന്നു ഗവൺമെണ്ടു് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(ബി) കൌൺസിൽ അതിനെപ്പറ്റി പുനരാലോചിച്ചതിൽ അവരുടെ പഴയ പ്രമേയം മാറ്റുവാൻ നിവൃത്തിയില്ലെന്നാണു് തീരുമാനിച്ചതെന്നു ചെയർമാൻ മറുപടി അയച്ചിട്ടുണ്ടു്.

STUDENTS OF TRICHUR THIYYA HOSTEL—APPLICATION FOR UMBRELLAS

175. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ. –

(എ) തൃശ്ശിവപേരൂർ തീയ്യ ഹോസ്റ്റലിലെ വിദ്യാർത്ഥികൾ ഈ കഴിഞ്ഞ മിഥുനത്തിൽ സെൻറ്റ് തോമസ്സു് കോളേജ് പ്രിൻസിപ്പാളിന്റെ ശ്രദ്ധയിലേയ്ക്കു് അവർക്കു് ശീലക്കുടക്കു് അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്കു് ആർക്കെങ്കിലും കുടക്കു് പെർമിറ്റു നൽകുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ അതിനു കാരണം എന്തു്;

(ഡി) അപേക്ഷക്കു് മറുപടിയെങ്കിലും അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അങ്ങിനെയുള്ള പതിവില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

(ബി) വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ വാർഡന്റെ പേരിൽ 11 (പതിനൊന്നു്) കുടവാങ്ങുവാൻ പെർമിറ്റു് കൊടുത്തിട്ടുണ്ടു്.

(സി) & (ഡി) മുൻഉത്തരംകൊണ്ടു് ഇവയ്ക്കു് ഉത്തരം ആവശ്യമില്ല.

ANTHIKAD DISPENSARY—MATERNITY WARD—OPENING OF

176. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് മറുപടി പറയാമോ.—

(എ) അന്തിക്കാട്ടു് ഡിസ്പെൻസറിയിൽ ഒരു മെറ്റേർണിറ്റി വാർഡിന്റെ അത്യാവശ്യകത ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടികൾ ആണു് എടുത്തിട്ടുള്ളതു്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഉവ്വു്.

(ബി) ഇപ്പോൾ പ്രത്യേക നടപടികൾ ഒന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly